പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി, സി, ഡി,) പാലത്തിന്റെ പണി 1962 അവസാനത്തോടുകൂടി പൂർത്തിയായി. പക്ഷേ അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാകാത്തതിനാൽ പാലം പൊതുജനാവശ്യത്തിനു വേണ്ടി തുറന്നുകൊടുത്തിട്ടില്ല. അപ്രോച്ചു റോഡിന്റെ പണി 1964 ജൂൺമാസത്തോടുകൂടി പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

സിവിൽ ലൈൻസ് പണി.

* 445. [3] ശ്രീ. ടി. ഓ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിൽ ഒരു സിവിൽ ലൈൻസ് പണിയാനുള്ള വല്ല നടപടിയും എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ സ്ഥലനിർണ്ണയം ചെയ്തുകഴിഞ്ഞിട്ടുണ്ടോ ?

പൊതുമരാമത്തുവകുപ്പു മന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ,ബി) ഇല്ല.

സർ, ഈ ചോദ്യം സിവിൽ സ്റ്റേഷനെ സംബന്ധിച്ചാണ് ഉദ്ദേശിക്കുന്നതെങ്കിൽ ആ കാര്യം ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുന്നതേയുള്ളൂ.

ശ്രീ. എം. നാരായണക്കുറുപ്പ് : എറണാകുളം ജില്ലാതലസ്ഥാനങ്ങളിലാണ് ജില്ലാ സിവിൽ ലൈൻ ഇല്ലാത്തതെന്നു പറയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ : കോഴിക്കോട്ട്, കണ്ണൂർ, എറണാകുളം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ ഇപ്പോൾ സിവിൽ ലൈനുകൾ ഇല്ല.

ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ : കോഴിക്കോട്ട് പണിയാൻ ഉദ്ദേശിച്ചിട്ടുള്ള സിവിൽ ലൈനിന്റെ പ്രവർത്തനം ഏതു നിലയിലിരിക്കുന്നുവെന്നു പറയാൻ ദയവുണ്ടാകുമോ ?

ശ്രീ. പി. പി ഉമ്മർകോയ: കോഴിക്കോട്ട് സിവിൽ ലൈനിന്റെ പണി ആരംഭിച്ചില്ല. അവിടെ ഒരു സിവിൽ ലൈൻ പണിയുന്ന കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

ശ്രീമതി നഫീസത്തുബീവി: ആലപ്പുഴ ആരംഭിച്ചിരിക്കുന്ന സിവിൽ ലൈനിന്റെ പണി ഏറ്റവും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികളെടുക്കുമോ?

ശ്രീ. പി. പി. ഉമ്മർകോയ: ആലപ്പുഴ സിവിൽലൈനിന്റെ പണി നടത്തികൊണ്ടിരിക്കുകയാണ്.

ശ്രീ. എം. നാരായണക്കുറുപ്പ് : കോഴിക്കോട്ട് സിവിൽ ലൈൻ അവിടെയുള്ള ഒരു ബംഗ്ലാവിൽ സ്ഥാപിക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടെന്നു മുമ്പ് ഇവിടെ പറയുകയുണ്ടായി. അവിടെ സിവിൽ ലൈനിന്റെ പണി എന്നാരംഭിക്കുമെന്നു പറയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ : ആ ബംഗ്ലാവിൽതന്നെ സ്ഥാപിക്കണമെന്നാണ് വിചാരിക്കുന്നത്. പക്ഷെ അതിനെപ്പറ്റിയുള്ള അവസാന തീരുമാനം ഇതുവരെയും എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഏതു കാര്യങ്ങളും ചോദിച്ചാലും പരിഗണിക്കാമെന്നു് മറുപടി പറയും. എന്നാൽ ഇങ്ങനെ പരിഗണിക്കാമെന്നു് പറയുന്നതിന്റെ പണികളും പൂർത്തിയാക്കുന്നതിനു് എത്ര കാലം പിടിക്കുമെന്നു പറയാമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെ പരിഗണിക്കാമെന്നു പറയുന്ന വർക്കുകളും എല്ലാം പൂർത്തിയാക്കുന്നതു് പ്രധാനമായും പണത്തിനെ ആശ്രയിച്ചിരിക്കും.

ശ്രീ. ഈ. പി. ഗോപാലൻ : സിവിൽ സ്റ്റേഷൻ പണിയുന്നതിനുള്ള എസ്റ്റിമേറ്റും പ്ലാനും തയാറാക്കുമ്പോൾ തന്നെ ആ ജില്ലയിലുള്ള പ്രധാന ഓഫീസുകളെല്ലാം തന്നെ അവിടെ പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യം ഉണ്ടോ എന്നു് നോക്കുമോ ? പാലക്കാട്ടു് പണിതിട്ടുള്ള സിവിൽ സ്റ്റേഷനിൽ കളക്ടരുടെ ഓഫീസുകൂടി സ്ഥാപിക്കാനുള്ള സൗകര്യം ഇല്ലെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ : എല്ലാ പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്മാരുടേയും ഓഫീസുകളും സിവിൽ സ്റ്റേഷനിൽ ഉണ്ടാകണമെന്നാണു് ഉദ്ദേശം. എന്നാൽ പാലക്കാട്ടു് സ്ഥാപിച്ചിട്ടുള്ള സിവിൽ സ്റ്റേഷനിൽ ആവശ്യമായ സൗകര്യങ്ങളില്ലെന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. അവിടെ വേണ്ടത്രസൗകര്യങ്ങളും ഉണ്ടാക്കികൊടുക്കുന്ന കാര്യം പരിഗണനയിലിരിക്കുകയാണു്.

പതിച്ചുകൊടുത്ത പുറമ്പോക്കു ഭൂമി.

* 446. [4] ശ്രീ. സി. എ. മാത്യു; താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963–64 വർഷത്തിൽ സംസ്ഥാനത്തു് എത്ര ഏക്കർ പുറമ്പോക്കു ഭൂമികളും കൈവശക്കാർക്കു മറ്റുമായി പതിച്ചുകൊടുത്തിട്ടുണ്ടു് ;

(ബി) തൊടുപുഴ താലൂക്കിൽ റവന്യൂവിലോട്ട വനം വകുപ്പിൽ നിന്നു് വിട്ടുകിട്ടിയ നെടുമല, ഇല്ലിചാരി, നെല്ലാപ്പാറ എന്നീ വനഭൂമികളും സമീപപ്രദേശങ്ങളും പതിച്ചുകൊടുക്കുന്നതിനു് ഗവണ്മെൻറു് സത്വര നടപടികളും സ്വീകരിക്കുമോ ;

(സി) ഈ ഭൂമികളും സംബന്ധപ്രദേശങ്ങളും പതിച്ചുകൊടുക്കണമെന്നുള്ള ഗവണ്മെൻറുത്തരവു് ഉണ്ടായ തീയതി ഏതാണു്; പതിച്ചുകൊടുക്കുന്നതിനുള്ള കാലതാമസത്തിനു കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 3019 ഏക്കർ 32 സെൻറു്.

(ബി) ഈ ഭൂമികളും റിസർവുവനത്തിൽ നിന്നും ഒഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളുടെ പുനരധിവാസത്തിനുപയോഗിക്കുന്ന കാര്യം ഗവണ്മെൻറു പരിഗണനയിലിരിക്കുന്നതിനാൽ ഇപ്പോഴും മറ്റുള്ളവർക്കു് പതിച്ചുകൊടുക്കാൻ നിവൃത്തിയില്ല.

(സി) 25–6–1962-ലാണു് ഗവണ്മെൻറുത്തരവു് ഉണ്ടായതു്. മേൽപ്പറഞ്ഞ കാരണങ്ങളാൽ ഈ ഉത്തരവു് നടപ്പിൽ വരുത്തിയിട്ടില്ല.

Mr. Speaker: Questions numbers 22 and 26 may also be answered now.

LIBRARY ARCHIVES Kerala Legislative Assembly